തുടങ്ങിയ ചെലവുകൾക്ക് പ്രതിമാസം അനുവദിച്ചു വരുന്ന ഗ്രാന്റ് എത്ര യാണ്; ഈ തുക അപര്യാപ്തമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ തുകയിൽ കാലാനുസൃതമായ വർദ്ധന ഏർപ്പെടു ത്തുമോ;

(സി) അനാഥമന്ദിരങ്ങളിലെ അന്തേവാസികൾ ഒന്നുകിൽ അനാ ഥരോ 3600/- രൂപയിൽ കവിയാത്ത കുടുംബവാർഷിക വരുമാനമുള്ളവരോ ആയിരിക്കണമെന്ന് നിഷ്ക്കർഷിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് ഏതു വർഷമാണ് പുറപ്പെടുവിച്ചിട്ടുള്ളത്;

(ഡി) ഇത് പരിഷ്ക്കരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങ ളിലെ അംഗങ്ങളിൽ നിന്നുള്ള അർഹരായവർക്ക് അനാഥാലയങ്ങളിൽ പ്രവേ ശനം നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ)&(ബി) സന്നദ്ധസംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസം 100/- രൂപ നിരക്കിൽ ഗ്രാന്റ് നൽകി വരുന്നു. സർക്കാർ സ്ഥാപനങ്ങളിലെ ഓരോ അന്തേവാസിക്കും പ്രതിമാസം 250 രൂപ സംരക്ഷണ ചെലവും, വസ്ത്രം, കിടക്ക, മരുന്ന് എന്നിവയ്ക്കായി പ്രതി വർഷം 200 രൂപയും നൽകിവരുന്നു. ഈ തുക അപര്യാപ്തമാണെങ്കിലും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് തൽക്കാലം വർദ്ധിപ്പി ക്കാൻ നിർവ്വാഹമില്ല.

(സി) 31-10-1992-ലെ ജി.ഒ.(പി)37/92/സാ.ക്ഷേ.വ. നമ്പർ ഉത്തരവു പ്രകാരം.

(ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

അനാഥാലയങ്ങൾക്ക് അനുവദിക്കുന്ന ഗ്രാന്റ്

45 (1388)ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അനാഥാലയങ്ങളിലെയും വൃദ്ധമന്ദിരങ്ങളി ലെയും അന്തേവാസികൾക്ക് അനുവദിച്ചു വരുന്ന പ്രതിമാസ ഗ്രാന്റ് വർദ്ധിപ്പി ക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) അന്തേവാസികളുടെ സംരക്ഷണ ചെലവിന്റെ വർദ്ധനവ് പരിഗ ണിച്ച് ഇവരുടെ ഗ്രാന്റ് പ്രതിമാസം 600 രൂപയായി ഉയർത്താൻ നടപടി സ്വീക രിക്കുമോ?

ഉത്തരം

(എ)&(ബി) അനാഥാലയങ്ങളിലെയും വൃദ്ധമന്ദിരങ്ങളിലെയും അന്തേ വാസികളുടെ പ്രതിമാസ ഗ്രാന്റ് വർദ്ധിപ്പിക്കുന്ന കാര്യം തൽക്കാലം പരിഗണ നയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly